## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

27.07.2015 ൽ

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ.546

മറുപടിക്ക്

## കായൽ കയ്യേറ്റങ്ങൾ

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

ശ്രീ.പി.കെ.ഗുരുദാസൻ

ശ്രീ.സി.കെ സദാശിവൻ

ശ്രീ.ആർ. രാജേഷ് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാപകമായി കായൽ കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കായൽ വിസ്തൃതി കുറഞ്ഞുവരുന്ന കാര്യം അറിവുള്ളതാണോ; | (എ) | തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായൽ കയ്യേറ്റവും കൊല്ലം, ആലപ്പുഴ ജില്ലകളിൽ കണ്ടെത്തിയ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചു വരുന്നു. കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ കായൽ വിസ്തൃതി കുറഞ്ഞുവരുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽപ്പെട്ട ചക്കംകണ്ട കായൽ, മന്നിക്കായൽ എന്നിവിടങ്ങളിൽ കയ്യേറ്റം സംബന്ധിച്ച പരാതി ലഭ്യമായിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ കായൽ ഇല്ലാത്തതും വയനാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമാണ്. |
| (ബി) | ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; കയ്യേറിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ കായൽ കയ്യേറ്റത്തെ സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കയ്യേറ്റം കണ്ടെത്തിയ പ്രദേശങ്ങളിൽ അഡീഷണൽ തഹസീൽദാർ താലൂക്ക് സർവേയർ, വില്ലേജ് ഓഫീസർ എന്നിവർ മുഖാന്തിരം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കായൽ കയ്യേറ്റങ്ങൾക്ക് റവന്യൂ ഉൾപ്പെടെയുള്ള വകുപ്പുകൾ കൂട്ടുനിൽക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | റവന്യൂ രേഖകളിൽ തിരിമറി നടത്തിയും വ്യാജ തണ്ടപ്പേർ നമ്പറുകൾ സൃഷ്ടിച്ചും നടത്തുന്ന അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കോട്ടയം, എറണാകുളം ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | വൻതോതിൽ പരിസ്ഥിതി ആഘാതത്തിന് വഴിവെക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? | (ഇ) | കായൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർ, താലൂക്ക് സർവേയർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കായൽ കയ്യേറ്റം തടയുന്നതിന് ബന്ധപ്പെട്ട നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ആയത് ഒഴിപ്പിക്കുന്നതിന് എല്ലാ സഹായവും നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ